നിയമസഭ

21.10.2011-ൽ മറുപടിക്ക്

**മാലിന്യ വിമുക്ത കേരളം**

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) മാലിന്യ വിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ശുചിത്വ മിഷൻ വിദ്യാലയങ്ങൾ വഴി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ;

എ) ഖര-ദ്രവ മാലിന്യ പരിപാലനത്തിൽ അദ്ധ്യാപകർ, തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ, പി.റ്റി.എ. അംഗങ്ങൾ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസേഴ്സ്, എൻ.സി.സി ചാർജ് ഓഫീസേഴ്സ്, തെരഞ്ഞെടുക്കപ്പെടുന്ന എൻ.സി.സി. കേഡറ്റുകൾ, എൻ.എസ്.എസ്. വാളന്റിയർമാർ എന്നിവർക്കു മാലിന്യ വിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ വഴി പരിശീലനം സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. കൂടാതെ വിദ്യാലയങ്ങളിൽ ഡ്രൈഡേ ദിനാചരണവും ശുചിത്വ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

ബി) വിദ്യാലയങ്ങളിൽ ശുചിത്വ പാർലമെന്റ് നടത്തുവാൻ പരിപാടിയുണ്ടോ ;

ബി) ഉണ്ട്.

സി) ശുചിത്വ പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് പ്രത്യേക അവാർഡുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

സി) ജില്ലാതലത്തിൽ ശുചിത്വ പരിപാടികൾ ഏറ്റവും നന്നായി നടപ്പാക്കുന്ന വിദ്യാലയങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന വിദ്യാലയത്തിന് 20,000 രൂപയും രണ്ടാംസ്ഥാനത്ത് എത്തുന്ന വിദ്യാലയത്തിന് 10,000 രൂപയും ക്യാഷ് അവാർഡായി നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ